# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി

**19.03.2013–ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 6.15–ന് നിയമസഭാ മന്ദിരത്തിലെ ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ചേമ്പറിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 13.03.2013–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

2.1 2012–13 വാർഷിക പദ്ധതി അവലോകനം

സംസ്ഥാനതലത്തിൽ ഗ്രാമപഞ്ചായത്തുകൾ 40.31 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 60 ശതമാനവും മുനിസിപ്പാലിറ്റികൾ 32 ശതമാനവും കോർപ്പറേഷനുകൾ 17 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 50 ശതമാനവും ചെലവ് വരുത്തിയതായി റിപ്പോർട്ടു ചെയ്യപ്പെട്ടു.

**2.2** ഭവന നിർമ്മാണ സഹായം ലഭിക്കുന്ന ഗുണഭോക്താക്കൾ 12 വർഷത്തേയ്ക്ക് വസ്തു കൈമാറ്റം ചെയ്യുകയില്ലെന്ന് രജിസ്ട്രേഷൻ നടത്തുന്നത് മൂന്നാം ഗഡു വിതരണം ചെയ്യുന്നതിന് മുമ്പായി മതിയാകുമെന്ന് തീരുമാനിച്ചു.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 ഇടുക്കി ജില്ലാ പഞ്ചായത്ത് (തീയതി. 19.03.2013)**

ഇടുക്കി ജില്ലാ പഞ്ചായത്ത് 2012–13 വർഷം നടപ്പാക്കാൻ അനുവാദത്തിനായി അപേക്ഷിച്ച സുരക്ഷാ പദ്ധതിയെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തേണ്ടതുള്ളതിനാൽ ഇക്കൊല്ലം നടപ്പാക്കാൻ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 തൃശൂർ ജില്ലാ പഞ്ചായത്ത് (തീയതി. 19.03.2013)**

തൃശൂർ ജില്ലാ പഞ്ചായത്ത് നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച പ്രവൃത്തികൾ ഇക്കൊല്ലം തുടരാൻ അനുവദിച്ചു. എന്നാൽ പ്രവൃത്തികളുടെ സൂപ്പർ വിഷൻ, ചെക്ക് മെഷർമെന്റ് എന്നിവ എൽ.എസ്.ജി.ഡി. എഞ്ചിനീയർ നടത്തേണ്ടതാണെന്നും അതനുസരിച്ച് 18.05.2007–ലെ ജി.ഒ.(എം.എസ്) 133/07 ഉത്തരവ് ഭേദഗതി ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി (ഫയൽ നം.70401/ഡി.എ1/12/തസ്വഭവ) തീയതി. 19.03.2013**

ആർട്ട്കോയുടെ ആവശ്യം പുതിയ എൻ.ജി.ഒ. നയം അംഗീകരിച്ചശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പുലിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 13263/ഡി.എ2/13/തസ്വഭവ) തീയതി. 19.03.2013**

പുലിയൂർ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പരപ്പ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 13193/ഡി.ഡി.2/13/തസ്വഭവ) തീയതി .19.03.2013**

പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം ഈ വർഷം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് (ഫയൽ നം.13557/ഡി.എ2/13/തസ്വഭവ) തീയതി .19.03.2013**

പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസരിച്ച് ആനുകൂല്യം നൽകിയാൽ മതിയെന്നും ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം പരിഗണിക്കാവുന്നതല്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കണ്ണൂർ ജില്ലാപഞ്ചായത്ത് (ഫയൽ നം.11775/ഡി.ബി1/13/തസ്വഭവ) തീയതി. 19.03.2013**

കാർഷെഡ് പൊളിച്ചു മാറ്റുന്ന കാര്യം വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 13840/ഡി.ഡി.2/13/തസ്വഭവ)തീയതി. 19.03.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പാലക്കാട് നഗരസഭ തീയതി.19.03.2013**

സ്ഥലമെടുത്തതിലെ ബാക്കി അവാർഡു തുക നൽകാൻ നഗരസഭ പശ്ചാത്തല മേഖലയിൽ ലഭ്യമായ തുക കോടതിയിൽ കെട്ടിവയ്ക്കാൻ അനുവദിച്ച് തീരുമാനിച്ചു. മേലിൽ ഫണ്ടു ലഭ്യത ഉറപ്പു വരുത്തി മാത്രമേ സ്ഥലമെടുപ്പ് നടത്താവൂ എന്ന പൊതു നിർദ്ദേശവും നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പൊന്നാനി നഗരസഭ (ഫയൽ നം. 150005/ഡി.ഡി.2/13/തസ്വഭവ) തീയതി. 19.03.2012**

ബാക്കി തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതികൾ അംഗീകരിക്കാൻ ഡി.പി.സി.ക്ക് നിർദ്ദേശം നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 14707/ഡി.ഡി.2/13/തസ്വഭവ) തീയതി. 19.03.2013**

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കായി പദ്ധതി തുകയുടെ കുറഞ്ഞത് 5% എങ്കിലും തികയുന്ന വിധത്തിൽ പ്രോജക്ട് ഭേദഗതി ചെയ്താൽ മാത്രമേ വാലിഡേഷൻ ലഭിക്കുകയുള്ളൂ എന്നതിനാൽ അത് പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ക്ഷീര വികസനം (ഫയൽ നം.4612/ഡി.എ1/12/തസ്വഭവ) തീയതി.19.03.2013**

ക്ഷീര വികസനവുമായി ബന്ധപ്പെട്ട കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ വന്ന എല്ലാ ആവശ്യങ്ങളും പരിശോധിക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കാൻ നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.14996/ഡി.ബി.2/13/തസ്വഭവ) തീയതി.19.03.2013**

റോഡ് പുനരുദ്ധാരണത്തിനായി ലഭിച്ച തുകയുടെ ബാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു. എങ്കിൽ മാത്രമേ വാലിഡേഷൻ ശരിയാകുകയുള്ളൂ എന്നു യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.11773/ഡി.ബി.3/13/തസ്വഭവ) തീയതി.19.03.2013**

പരുത്തി സംസ്ക്കരണ യൂണിറ്റിലേക്ക് വാഹനം വാങ്ങുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് (ഫയൽ നം.15369/എഫ്.എം.3/13/തസ്വഭവ) തീയതി.19.03.2013**

ജലനിധി പദ്ധതിക്കുള്ള വിഹിതം മുൻകൂർ നൽകുന്നതിന് 07.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി കുന്നന്താനം ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിരുന്നു. ഈ തീരുമാനം പദ്ധതിയിലുൾപ്പെടുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.15921/ഡി.ബി.3/13/തസ്വഭവ) തീയതി. 19.03.2013**

പി.ഡബ്ല്യൂ.ഡി. റോഡ് ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തണമെന്ന ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം.15424/ഡി.ഡി 2/13/തസ്വഭവ) തീയതി 19.03.2013**

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 എടക്കര ഗ്രാമ പഞ്ചായത്ത് (ഫയൽ നം.15524/ഡി.ഡി 2/13/തസ്വഭവ)**

**തീയതി 19.03.2013**

വികലാംഗർക്ക് ഉപകരണം നൽകുന്നതിനുള്ള ആവശ്യകതാ നിർണ്ണയ ക്യാമ്പ് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്താനുള്ള പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു. സബ്സിഡി മാനദണ്ഡത്തിൽ ഇതിനനുസൃതമായ മാറ്റം വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം.150006/ഡി.ബി 2/13/തസ്വഭവ)തീയതി 19.03.2013**

പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ല എന്നും അതിന് വികസനഫണ്ട് ഉപയോഗിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ബഡ്സ് റിഹാബിലിറ്റേഷൻ (ഫയൽ നം.71767/ഡി.എ1/13/തസ്വഭവ)**

**തീയതി 19.03.2013**

ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളെ സംബന്ധിച്ച് കുടുംബശ്രീ മിഷൻ തയ്യാറാക്കിയ കരട്മാർഗരേഖ അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കോട്ടപ്പടി ഗ്രാമപഞ്ചായത്ത് (ഫയൽനം.16644/ഡി.എ1/13/തസ്വഭവ)**

**തീയതി 19.03.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിശോധിച്ച് അർഹമെങ്കിൽ അനുവാദം നൽകാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. അതു സംബന്ധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 എടവക ഗ്രാമപഞ്ചായത്ത് തീയതി 19.03.2013**

മദ്യപാനാസക്തിക്ക് ചികിത്സ എന്ന ഗ്രാമപഞ്ചായത്തിന്റെ ആശയം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 16035/ഡി.ഡി.2/13/തസ്വഭവ)**

**തീയതി 19.03.2013**

ഗ്രന്ഥശാലകൾക്ക് സ്പോർട്സ് കിറ്റ്, അലമാര എന്നിവ വിതരണം ചെയ്യുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ നിർദ്ദേശം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.24 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 7919/ഡി.ബി.3/13/തസ്വഭവ)

മൊബൈൽ ഡയറി ലബോറട്ടറിക്ക് വാഹനം എന്ന പദ്ധതി ഭരണ വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.25 കരട് എൻ.ജി.ഒ. നയം (തീയതി 19.03.2013)

കില സമർപ്പിച്ച കരട് എൻ.ജി.ഒ. നയം പ്രവർത്തന പരിചയത്തിന് നിർദ്ദേശിച്ചിരിക്കുന്ന കാലയളവ് പുനഃപരിശോധിച്ചും, സുലേഖ സോഫ്ട് വെയറിൽ ലിങ്ക് നൽകി അതിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തുന്നതിന് വിധേയമായി അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.26 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (തീയതി 19.03.2013)

2010 റിവൈസ്ഡ് ഷെഡ്യൂൾ പ്രകാരം ടെണ്ടർ ചെയ്തതും തുടർന്ന് 2012 ഷെഡ്യൂൾ നിരക്കുകൾ നിലവിൽ വന്നതിനാൽ എഗ്രിമെന്റ് വച്ചിട്ടില്ലാത്തതുമായ പ്രവൃത്തികളെ സംബന്ധിച്ച് 23.01.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 3.1 ബാധകമാക്കണമെന്ന പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ച് അധിക തുക നബാർഡ് ഫണ്ടിൽ നിന്ന് കണ്ടെത്തണം എന്ന വ്യവസ്ഥയിൽ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.27 അടിമാലി ഗ്രാമപഞ്ചായത്ത് (തീയതി 19.03.2013)

ഐ.എ.വൈ ഭവന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകാൻ അനുവദിക്കണമെന്ന അടിമാലി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.28 കണ്ണൂർ നഗരസഭ

കണ്ണൂർ നഗരസഭ എസ്.സി. ഹൗസിംഗ് കോംപ്ലക്സ് സ്ഥലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അനുബന്ധ പ്രവൃത്തികൾ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കാമെന്ന് 07.03.2013 കോഓർഡിനേഷൻ കമ്മിറ്റി യോഗം 3.5 ഇനമായി തീരുമാനിച്ചിരുന്നു പൈലിംഗ് വർക്ക് എന്തിനാണെന്ന് വിശദീകരണം ആവശ്യപ്പെട്ടിതിന് വിശദീകരണം നൽകിയിരിക്കുന്നു. നഗരസഭ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.29 പത്തനംതിട്ട നഗരസഭ

കെ.യു.ആർ.ഡി.എഫ്.സി.യ്ക്ക് തുക അടയ്ക്കാൻ അനുവദിക്കണമെന്ന നഗരസഭയുടെ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 പാണ്ടനാട് ഗ്രാമപഞ്ചായത്ത്**

പാണ്ടനാട് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള വെള്ളക്കരം അടയ്ക്കാനായി തയ്യാറാക്കിയ പ്രോജക്ടിന് അനുവാദം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

വാഹനം വാങ്ങുന്നതിന് ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ നിന്ന് തുക പിൻവലിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവാദം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പണം വിതരണം ചെയ്യുന്ന ഡിമാന്റ് ഡ്രാഫ്റ്റിനുള്ള കമ്മീഷൻ നിയമപ്രകാരം നൽകുന്നതിന് തടസ്സമില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്**

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് മാലിന്യ സംസ്ക്കരണ പ്ലാന്റിനായി വാങ്ങിയ സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാനുള്ള ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്**

ഇ.എം.എസ്. ഭവന പദ്ധതിയിൽ കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാനും കരാർ ഉടമ്പടി വിടുതൽ ചെയ്യാനുമുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ നിവേദനം**

ത്രിതല പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിംഗിന് ഓരോ കമ്പ്യൂട്ടർ നൽകണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം കമ്പ്യൂട്ടർ നൽകാത്ത ത്രിതല പഞ്ചായത്തുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും നൽകുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഈ വർഷം തന്നെ നടപടി എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 കേരള അർബൻ ആന്റ്  റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ**

കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്ന് വായ്പ എടുത്തിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക അടയ്ക്കാൻ ബാക്കിയുണ്ടെങ്കിൽ അത് പശ്ചാത്തല മേഖലാ ഫണ്ടിൽ നിന്നും ഈടാക്കി നൽകുവാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 8.00-ന് അവസാനിച്ചു)**